# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ- 4912 | 21.10.2011-ൽ മറുപടിക്ക്

## വിദ്യാർത്ഥികളുടെ കായിക നിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതി

**ചോദ്യം**

ശ്രീ. പി. തിലോത്തമൻ

**മറുപടി**

ശ്രീ. കെ. ബി. ഗണേഷ്കുമാർ
(വനവും സ്പോർട്സും
സിനിമയും വകുപ്പുമന്ത്രി)

(എ) ഗ്രാമീണ മേഖലകളിലെ സർക്കാർ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ കായിക നിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പാക്കേജുകൾ തയ്യാറാക്കി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എ) ഗ്രാമീണ മേഖലകളിലെ സർക്കാർ വിദ്യാലയങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ കായിക നിലവാരം മെച്ചപ്പെടുത്തുന്നതിന് മാത്രമായി പ്രത്യേക പാക്കേജുകളൊന്നും നിലവിലില്ല. എന്നാൽ ഗ്രാമീണ മേഖലയിൽപ്പെട്ട സ്ക്കൂൾ വിദ്യാർത്ഥികൾ അടക്കമുള്ള യുവജനങ്ങളെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകൃഷ്ടരാക്കുന്നതിനായി മെച്ചപ്പെട്ട ഭൗതിക സാഹചര്യം ഒരുക്കുന്നതിനും കൃത്യമായ പരിശീലനം നൽകുന്നതിനും ബ്ലോക്ക്/ജില്ലാ/സംസ്ഥാന/ദേശീയ തലത്തിൽ വാർഷിക കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനുമായി ആവിഷ്ക്കരിച്ചിട്ടുള്ള പഞ്ചായത്ത് യുവ ക്രീഡാ ഓർ ഖേൽ അഭിയാൻ (പൈക്ക) എന്ന കേന്ദ്ര സഹായ പദ്ധതി നിലവിലുണ്ട്. കൂടാതെ ഗ്രാമീണ മേഖലയിൽ കൂടി കളിസ്ഥലങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുവാൻ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നേരിട്ട് നടത്തുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതിയും നിലവിലുണ്ട്;

[illegible] കുട്ടികളുടെ മികവ് കണക്കിലെടുത്ത് എസ്.എസ്.എൽ.സി./എച്ച്.എസ്.ഇ./വി.എച്ച്.എസ്.ഇ. വിഭാഗത്തിലെ കുട്ടികൾക്ക് അവരുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേസ് മാർക്ക് നൽകുന്നുണ്ട്. സംസ്ഥാനത്തെ സ്പോർട്സ് സ്കൂളുകളിലെ കായിക വിദ്യാർത്ഥികൾക്ക് കിറ്റ് അലവൻസ് നൽകുന്ന തോടൊപ്പം അവർക്ക് സഹായകമാകുന്ന വിധത്തിൽ 1000 രൂപ ക്രമത്തിൽ പോക്കറ്റ് മണിയും നൽകുന്നുണ്ട്. പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുളള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കായിക താരങ്ങൾക്കായി അനുവദിച്ചിട്ടുളള സീറ്റുകളിൽ സ്പോർട്സ് കൗൺസിൽ നോംസ് പ്രകാരം അർഹതപ്പെട്ട കായിക താരങ്ങൾക്ക് അഡ്മിഷൻ നൽകുന്നുണ്ട്. കായിക മേഖലയിൽ മികവ് കാണിക്കുന്നവർക്ക് കേരള സ്പോർട്സ് കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന സ്പോർട്സ് ഹോസ്റ്റലുകളിൽ താമസിച്ച് പരിശീലനവും പഠനവും നടത്തുന്നതിനും സൗകര്യം നൽകിവരുന്നു;

(സി) കായിക വിദ്യാഭ്യാസ രംഗത്ത് സ്തുത്യർഹമായ സംഭാവന കാഴ്ചവയ്ക്കുന്ന ചേർത്തല, ചാരമംഗലം എസ്.ഡി.വി. സ്കൂളിലെ വിദ്യാർത്ഥികളുടെയും കായിക അദ്ധ്യാപകരുടെയും പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ട്;

(ഡി) ഇത്തരം സ്കൂളുകളെയും കായികപ്രേമികളായ വിദ്യാർത്ഥികളെയും പ്രോത്സാഹിപ്പിക്കുവാൻ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുമോ?

(ഡി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ, കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയുടെ ഗുണങ്ങൾ പ്രസ്തുത വിദ്യാലയത്തിലെ കായികതാരങ്ങൾക്കും ലഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ